# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി2/17971/2015 ചാക്ക, തിരുവനന്തപുരം

തീയതി: 06/11/2015

## വിജ്ഞാപനം

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്-സെമസ്റ്റർ സമ്പ്രദായം- ഫെബ്രുവരി 2016-പ്രൈവറ്റായി (എസ്.സി.വി.റ്റി പാസ്സായ) മൂന്നാം സെമസ്റ്റർ (MIS PORTAL മുഖേന) പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്-സംബന്ധിച്ച്

2016 ഫെബ്രുവരി നടത്തുന്ന മൂന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (MIS PORTAL മുഖേന) പ്രൈവറ്റായി (എസ്.സി.വി.റ്റി പാസ്സായ ട്രെയിനികളിൽ നിന്നും) ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരും നിർദ്ദിഷ്ഠ യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ 27/11/2015 ന് വൈകുന്നേരം 3 മണിക്ക് മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### I. അപേക്ഷകന് വേണ്ട യോഗ്യതകൾ

1. ജൂലായ് 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്തവർ ആയിരിക്കണം
2. എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് പൂർണ്ണമായും പാസ്സായി എസ്.റ്റി.സി. നേടിയ ട്രെയിനികളോ എസ്.സി.വി.റ്റി. മൂന്നാം സെമസ്റ്റർ പരീക്ഷ പാസ്സായ ട്രെയിനികളോ ആയിരിക്കണം

### II അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കേറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. എസ്.സി.വി.റ്റി. പുർണ്ണമായി പാസ്സായി ലഭിച്ച എസ്.റ്റി.സി. യുടെ പകർപ്പ് അല്ലെങ്കിൽ എസ്.സി.വി.റ്റി. മൂന്നാം സെമസ്റ്റർ പാസ്സായിട്ടുണ്ട് എന്ന് തെളിയിക്കുന്ന പ്രിൻസിപ്പാളിൻെറ സാക്ഷ്യപത്രം (പ്രൊഫോർമ I & II), പരീക്ഷ പാസ്സായ ഹാൾ ടിക്കറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. ജൂലായ് 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് ലഭിച്ച മാർക്ക് ഷീറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

## III. പൊതുവായ നിർദ്ദേശങ്ങൾ

1. 2015 ജൂലായ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ പരീക്ഷയിൽ (MIS PORTAL മുഖേന) പങ്കെടുത്ത് മാർക്ക് ഷീറ്റ് ലഭിച്ച അപേക്ഷകർക്ക് മാത്രമേ മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു.

2. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ച ട്രേഡിനാണ് മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.

3. എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് പൂർണ്ണമായും പാസ്സായി എസ്.റ്റി.സി. നേടിയ ട്രെയിനികളോ എസ്.സി.വി.റ്റി. മൂന്നാം സെമസ്റ്റർ പരീക്ഷ പാസ്സായ ട്രെയിനികളോ ആണ് അപേക്ഷിക്കേണ്ടത്

4. MIS PORTAL മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ട സാഹചര്യത്തിൽ ജൂലായ് 2015 ൽ നടത്തിയ രണ്ടാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. യിലാണ് മുന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കേണ്ടത്. താഴെ പറയുന്ന നിർദ്ദേശ പ്രകാരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

    - അപേക്ഷകൾ തയ്യാറാക്കി ട്രെയിനികൾ അവർ പഠിക്കുന്ന ഐ.ടി.ഐ. പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും അപേക്ഷയിലേ ഫോർമാറ്റിൽ ശുപാർശ രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്.
    - ഇപ്രകാരം ശുപാർശ ചെയ്ത് വാങ്ങുന്ന അപേക്ഷകൾ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് ലഭിച്ച് ഐ.ടി.ഐ. യിലെ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

5. ഓരോ ട്രേഡിലെയും മുന്നാം സെമസ്റ്റർ പരീക്ഷയുടെ സിലബസ്സും മറ്റ് വിവരങ്ങളും www.det.nic എന്ന വെബ്സൈറ്റിലും CSTARI വെബ്സൈറ്റിലും ലഭ്യമാണ്.

6. അപേക്ഷ ഫീസായി ആയിരം രൂപ (1000/--) " 0230-ലേബർ ആൻറ് എം പ്ലോയ്മെൻറ്- 00-800-അദർ റസീപ്റ്റ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിൻെറ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം

7. ഒരിക്കൽ അടച്ച പരീക്ഷ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

8. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി. നടത്തി വരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം തിരികെ

കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. **ആയതിനാൽ ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസ്ആയി ശേഖരിക്കേണ്ടി വരുന്നതാണെന്ന് ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്നതായിരിക്കും.**

9. 18/12/20114 തീയതിയിലെ DGET-18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ട്.

10. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറു രൂപ (100/-) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിന് ശേഷം ബാദ്ധ്യതയൊന്നും ഇല്ലായെന്ന് കണ്ടാൽ ടി ജാമ്യ തുക മടക്കി നൽകുന്നതുമാണ്.

11. അപേക്ഷകൾ തയ്യാറാക്കി ട്രെയിനികൾ അവർ പഠിക്കുന്ന ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ മുൻപാകെയാണ് സമർപ്പിക്കുന്നത്.ടി പ്രിൻസിപ്പാൾ മാരാണ് ഒന്നാം ഘട്ട പരിശോധന നടത്തേണ്ടത്. വിജ്ഞാപന പ്രകാരമുള്ള യോഗ്യത ഇല്ലാത്ത അപേക്ഷകൾ , അപേക്ഷകൻെറ ഒപ്പ് ഇല്ലാത്ത അപേക്ഷകൾ, ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ തുടങ്ങിയവ ഐ.ടി.ഐ. തലത്തിൽ തന്നെ നിരസ്സിക്കേണ്ടതാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ ടി പ്രിൻസിപ്പാൾമാർ ശുപാർശ രേഖപ്പെടുത്തി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് ലഭിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ സമർപ്പിക്കുവാൻ ട്രെയിനികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

12. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റുകൾ വിതരണം നടത്തിയ പ്രിൻസിപ്പാൾ ട്രെയിനികൾ ഹാജരാക്കുന്ന അപേക്ഷകൾ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിച്ച് സ്വീകരിക്കേണ്ടതാണ്.

- ഹാജരാക്കുന്ന അപേക്ഷയിൽ ട്രെയിനികൾ പഠിക്കുന്ന ഐ.ടി.ഐ. പ്രിൻസിപ്പാൾ ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

- ഹാജരാക്കുന്ന അപേക്ഷകളിൽ ട്രെയിനിയുടെ ഒപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ, വിജ്ഞാപന പ്രകാരം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ, തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്
- MIS PORTAL മുഖേന വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ടി ട്രെയിനികളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. **എം.ഐ.എസ്. പോർട്ടൽ മുഖേന ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മാത്രമേ ട്രെയിനികൾക്ക് 2016 ഫെബ്രുവരി മാസത്തിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾ ടിക്കറ്റുകൾ ലഭിക്കുകയുള്ളൂ. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം അപേക്ഷകൾ സ്വീകരിക്കുന്ന ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക് മാത്രമായിരിക്കും**

13. ഇപ്രകാരം സ്വീകരിക്കുന്ന അപേക്ഷകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും ഒരോ ഐ.ടി.ഐ. യിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചതിന്റെ വിവരം അനുബന്ധം 1 പ്രകാരം പരീക്ഷാ സെക്ഷനിൽ 29/11/2015 ന് വൈകുന്നേരം 3.00 മണിക്ക് മുൻപായി പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. സൂക്ഷിക്കുന്ന അപേക്ഷകൾ ഡയറക്റ്ററേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്

14. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷാ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിയ വിവരങ്ങൾ അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

15. **ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി പരിഗണിച്ച് ഫല പ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷകൾ ഒ.എം.ആർ. മാതൃകയിൽ നടത്തുന്നതിനാൽ റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒ.എം.ആർ. ഷീറ്റിൽ തെറ്റായോ അശ്രദ്ധയോടുകൂടിയോ രേഖപ്പെടുത്തിയാൽ പ്രസ്തുത ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്താൻ സാധിക്കില്ല എന്ന് ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്തുന്നത് മെഷീൻ ഉപയോഗിച്ചാണ്. ആയതിനാൽ ടി**

മൂല്യനിർണ്ണയത്തിൽ തെറ്റ് സംഭവിക്കാനുള്ള സാദ്ധ്യത കുറവായതിനാൽ പുന: പരിശോധനയോ റീ കൗണ്ടിംഗോ അനുവദിക്കുന്നതല്ലായെന്നും ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയത്തിന്റെ ഉത്തരക്കടലാസ്സുകളിൽ റോൾ നമ്പർ തെറ്റിച്ചെഴുതിയാൽ ടി ഉത്തരക്കടലാസ്സുകളും പിന്നീട് മൂല്യനിർണ്ണയം നടത്തുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും

കുറിപ്പ്:- അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൻെറ രണ്ട് പകർപ്പ്
2. എസ്.സി.വി.റ്റി. പൂർണ്ണമായും പാസ്സായ ട്രെയിനിയാണെങ്കിൽ എസ്.റ്റി.സി. യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. എസ്.സി.വി.റ്റി. മൂന്നാം സെമസ്റ്റർ പാസ്സായ ട്രെയിനിയാണെങ്കിൽ പരീക്ഷ പാസ്സായ ഹാൾ ടിക്കറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റിൻെറ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. .ട്രെയിനികൾ പഠിക്കുന്ന ഐ.ടി.ഐ. യിലെ പ്രിൻസിപ്പാളിൻെറ ശുപാർശ
6. നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻെറ അസ്സൽ
7. ജുലായ് 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് ലഭിച്ച മാർക്ക് ഷീറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അനുബന്ധം 1

അപേക്ഷ സ്വീകരിക്കുന്ന ഐ.ടി.ഐ. യുടെ പേര്

| ക്രമ നമ്പർ | അപേക്ഷ സമർപ്പിച്ച് ട്രെയിനികൾ പഠിച്ചിരുന്ന/പഠിക്കുന്ന ഐ.ടി.ഐ. യുടെ പേര് | ട്രേഡ് | ട്രെയിനിയുടെ പേര് | 2015 ൽ നടത്തിയ ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ റോൾ നമ്പർ |
|---|---|---|---|---|
| | | | | |

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ വിജ്ഞാപനത്തിലെ നിർദ്ദേശപ്രകാരം പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടു.

അപേക്ഷ സ്വീകരിക്കുന്ന ഐ.ടി.ഐ.

പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്, ഔദ്യോഗിക മേൽവിലാസം

(ഓഫീസ് മുദ്ര)

എസ്സ്/

## APPLICATION FOR THE ALL INDIA TRADE TEST FOR PRIVATE CANDIDATES (SCVT PASS) JANUARY 2016 III[rd] SEMESTER (REGULAR)

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Religion & Caste. | | |
| 8. | Whether the Applicant passed III Semester SCVT *(Certificate from Principal)*<br>If yes, Roll No:<br>Trade: | | |
| 9 | Whether the Applicant passed the SCVT Exam (Copy of STC enclosed)<br>Roll No:<br>Trade:<br>Month/Year of Trade Test | | |
| 10. | Name of Trade applied | : | |
| 11 | Fess Details | : | Chelan No………. …..<br>Chelan Date:……………<br>Name of Treasury…………… |

Place:
Date:

Signature of the applicant.

## In the Case of SCVT III Semester Passed

## Proforma-I

Certified that Shri/Smt.........................................................passed III Semester SCVT Trade Test held January/July 2015 in .....................Trade, His/ Her Roll No...............

Place: Signature

Date: (Office Seal) (Name & Designation of Principal)

*Recommendation of concerned ITI's Principals.*

I do hereby state that He/She................passed III Semester SCVT Trade Test in ............trade held January/July 2015 and his/her Roll No................ Hence ***Recommended*** the application for considering to permit III Semester All India Trade Test conducted in January/2016 as private candidate in................trade

Place: Signature

Date: (Office Seal) (Name & Designation of Principal

## In the Case of SCVT Trade Test passed

## Proforma-II

Certified that Shri/Smt.........................................................passed SCVT Trade Test held ................ in .....................Trade, Roll No................ the STC No..................

Place: Signature

Date: (Office Seal) (Name & Designation of Principal)

*Recommendation of concerned ITI's Principals.*

I do hereby state that He/She................passed SCVT Trade Test in ............trade held .....................trade test, he/she got STC No................. and his/ her Roll No. is ................Hence ***Recommended*** to appear III Semester All India Trade Test as private candidate held in January2016.

Place: Signature

Date: (Office Seal) (Name & Designation of Principal

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി2/17972/2015 ചാക്ക, തിരുവനന്തപുരം

തീയതി: 06/11/2015

## വിജ്ഞാപനം

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്-സെമസ്റ്റർ സമ്പ്രദായം- ഫെബ്രുവരി 2016-പ്രൈവറ്റായി (വ്യാവസായിക തൊഴിലാളി) മൂന്നാം സെമസ്റ്റർ (MIS PORTAL മുഖേന) പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത്-സംബന്ധിച്ച്

2016 ഫെബ്രുവരിയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (MIS PORTAL മുഖേന) സർക്കാർ/സ്വകാര്യ ഐ.ടി.ഐ കളിൽ പരിശീലനം നേടാതെ പ്രൈവറ്റായി(വ്യാവസായിക തൊഴിലാളി) ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവരും നിർദ്ദിഷ്ഠ യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ **27/11/2015 വൈകുന്നേരം 3** മണിക്ക് മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### I. അപേക്ഷകന് വേണ്ട യോഗ്യതകൾ

1. ജൂലായ് 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്തവർ ആയിരിക്കണം
2. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ സമർപ്പിച്ചിട്ടുള്ള ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നവരായിരിക്കണം

## II അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാജരാക്കിയ ബന്ധപ്പെട്ട ട്രേഡിലെ പ്രവർത്തി പരിചയം ഇപ്പോഴും തുടരുന്നു എന്ന് തെളിയിക്കുന്ന തൊഴിൽ ഉടമയുടെ കൈയൊപ്പും ഓഫീസ് മുദ്രയും കൂടിയ സാക്ഷ്യപത്രം (സാക്ഷ്യപത്രത്തിൻെറ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്)

2. രണ്ടാം സെമസ്റ്റർ പരീക്ഷയുടെ വിജ്ഞാപനം **28/05/2015** നാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി തീയതി മുതൽ ടി വിജ്ഞാപനം പുറപ്പെടുവിച്ച തീയതി വരെ അപേക്ഷകൻ ബന്ധപ്പെട്ട ട്രേഡിൽ നേടിയ പ്രവർത്തി പരിചയം സ്വന്തം കൈപ്പടയിൽ ഒരു പ്രബന്ധമാക്കി തയ്യാറാക്കി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ടി പ്രബന്ധത്തിൽ അപേക്ഷകൻ സ്വന്തം പേര് രേഖപ്പെടുത്തി കൈയ്യൊപ്പ് ചാർത്തേണ്ടതും തൊഴിൽ ഉടമ പേര് ഔദ്യോഗിക മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച് മേലൊപ്പ് ചാർത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3. രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത മാർക്ക് ഷീറ്റിൻെറ പകർപ്പ്

## III. പൊതുവായ നിർദ്ദേശങ്ങൾ

1. 2015 ജൂലായ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ പരീക്ഷയിൽ (MIS PORTAL മുഖേന) പങ്കെടുത്ത് മാർക്ക് ഷീറ്റ് ലഭിച്ച അപേക്ഷകർക്ക് മാത്രമേ മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു.

2. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ച ട്രേഡിനാണ് മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.

3. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ പ്രവർത്തി പരിചയം നേടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനത്തിൽ നിന്ന് വേണം **28/05/2015** മുതൽ പ്രവർത്തി പരിചയം നേടിയിരിക്കേണ്ടത്. ആകെ പ്രവർത്തന കാലയളവ് തുടർച്ചയായിട്ടുള്ളതായിരിക്കണം. ഇതിൽ എന്തെങ്കിലും വ്യത്യാസം ബോധ്യപ്പെടുകയാണെങ്കിൽ ടി അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസ്സിക്കുന്നതായിരിക്കും.

4. ഓരോ ട്രേഡിലെയും മൂന്നാം സെമസ്റ്റർ പരീക്ഷയുടെ സിലബസ്സും മറ്റ് വിവരങ്ങളും www.det.nic എന്ന വെബ്സൈറ്റിലും CSTARI വെബ്സൈറ്റിലും ലഭ്യമാണ്.

5. കെ.എസ്.ഇ.ബി. യിൽ നിന്നുള്ള അപേക്ഷകർക്ക് ലൈൻ മാൻ ഗ്രേഡ് 2 മുതലുള്ള പ്രവർത്തി പരിചയമേ പരിഗണിക്കുകയുള്ളു.

---

6. അപേക്ഷ ഫീസായി ആയിരം രൂപ (1000/-) " 0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്- 00-800-അദർ റസീപ്റ്റ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിൻെറ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം

7. ഒരിക്കൽ അടച്ച പരീക്ഷ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

8. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി. നടത്തി വരുന്നത്. ടി ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫിസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലേ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. **ആയതിനാൽ ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി തുക ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾ മാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്നതായിരിക്കും.**

9. 18/12/20114 തീയതിയിലേ DGET-18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ട്.

10. 250 മുതൽ 500 വരെ വാക്കുകൾ ഉൾക്കൊള്ളിച്ചുള്ള പ്രവർത്തി പരിചയ റിപ്പോർട്ട് അടങ്ങിയ പ്രബന്ധം സ്വന്തം കൈപ്പടയിൽ എഴുതി വേണം തയ്യാറാക്കാൻ. പ്രിൻറ് ചെയ്യതോ, ഡി.റ്റി.പി യിൽ തയ്യാറാക്കിയതോ, ടൈപ്പ് ചെയ്യതോ ആയ പ്രബന്ധങ്ങൾ അംഗീകരിക്കുന്നതല്ല.

11. ഒരേ പോലെ എഴുതി തയ്യാറാക്കിയ പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസ്സിക്കുന്നതായിരിക്കും.

12. അപേക്ഷകൻെറയോ തൊഴിൽ ഉടമയുടെയോ കൈയോപ്പോ, ഔദ്യോഗിക മേൽ വിലാസമോ, ഓഫീസ് മുദ്രയോ ഇല്ലാത്ത പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസ്സിക്കുന്നതായിരിക്കും.

13. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രവർത്തി പരിചയം സാക്ഷ്യപ്പെടുത്തുന്ന തൊഴിൽ ഉടമയുടെ സർട്ടിഫിക്കേറ്റിൽ തൊഴിൽ ഉടമയുടെ

കൈയൊപ്പോ, ഔദ്യോഗിക മേൽ വിലാസമോ, ഓഫീസ് മുദ്രയോ രേഖപ്പെടുത്തിട്ടില്ലായെങ്കിലൊ ടി സർട്ടിഫിക്കേറ്റിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടെങ്കിലോ ടി അപേക്ഷകൾ ഒരു മുന്നറിയിപ്പും കൂടാതെ നിരസ്സിക്കുന്നതായിരിക്കും.

14. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂർ രൂപ (100/-) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിന് ശേഷം ബാദ്ധ്യതയൊന്നും ഇല്ലായെന്ന് കണ്ടാൽ ടി ജാമ്യ തുക മടക്കി നൽകുന്നതുമാണ്.

15. അപേക്ഷയുടെ ഒന്നാം ഘട്ട സൂക്ഷ്മ പരിശോധനകൾ അതാത് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ നടത്തേണ്ടതാണ്. ഇതിന് വേണ്ടി അപേക്ഷകൻ ജോലി ചെയ്തുവരുന്ന സ്ഥാപനത്തിൽ നേരിട്ട് പോയി പരിശോധിച്ച് ടിയാൻ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ, ടിയാൻ സമർപ്പിച്ചിട്ടുള്ള പ്രവർത്തി പരിചയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രബന്ധത്തിലെ വിവരങ്ങൾ എന്നിവ ശരിയാണോയെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിൻെറ അടിസ്ഥാനത്തിൽ വേണം പ്രിൻസിപ്പാൾ മാർ അപേക്ഷയിൽ ശുപാർശ രേഖപ്പെടുത്തേണ്ടത്.

16. രണ്ടാം സെമസ്റ്റർ പരീക്ഷയിൽ മാർക്ക് ഷീറ്റ് ലഭിക്കാത്ത അപേക്ഷകർ നൽകുന്ന അപേക്ഷകൾ, വിജ്ഞാപന പ്രകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കേറ്റ്, അപേക്ഷകൻെറ ഒപ്പ് എന്നിവ ഇല്ലാത്ത അപേക്ഷകൾ, തൊഴിൽ പരിചയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രബന്ധത്തിൽ അപേക്ഷകൻെറ ഒപ്പ്, മേൽ വിലാസം, ഓഫീസ് മുദ്ര, തൊഴിൽ ഉടമയുടെ കൈയൊപ്പ്, ഔദ്യോഗിക മേൽ വിലാസം ഇല്ലാത്ത അപേക്ഷകൾ, സ്വന്തം കൈപ്പടയിൽ തയ്യാറാക്കാത്ത പ്രബന്ധം ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ, ഒരേ പോലെ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ എന്നിവ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ തന്നെ പരിശോധിച്ച് ഐ.ടി.ഐ. തലത്തിൽ തന്നെ നിരസ്സിക്കേണ്ടതും നിരസ്സിക്കുന്ന അപേക്ഷയുടെ വിവരം ബന്ധപ്പെട്ട അപേക്ഷകന് രേഖാമൂലം അറിയിക്കേണ്ടതുമാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ സമർപ്പിക്കുവാൻ പാടുള്ളു. ഇതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പാൾ മാർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

17. പ്രിൻസിപ്പാൾമാർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ 29/11/2015 ന് വൈകുന്നേരം 3 മണിക്ക് മുൻപായി പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. ട്രെയിനികളുടെ വിവരങ്ങൾ സമയ ബന്ധിതമായി

എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തേണ്ടതിനാൽ നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

18. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി. യുടെ ബന്ധപ്പെട്ട പേജ്, രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക്.. MIS PORTAL. മുഖേന ലഭിച്ച മാർക്ക് ഷീറ്റ് എന്നിവയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

19. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷാ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം ചെയ്യുന്ന തീയതി തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

20. പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിവിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ അവയും അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

21. അപേക്ഷ ഫാറത്തിൻെറ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അപേക്ഷ ഫാറത്തിൻെറ മാതൃക ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐ. കളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്)

22. പരീക്ഷാ കേന്ദ്രം - തിരുവനന്തപുരം (പൊതു മേഖല സ്ഥാപനങ്ങളിൽ നിന്ന് പ്രവർത്തി പരിചയം പരിഗണിച്ച് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾക്ക്)

23. **ഏതെങ്കിലും വിഷയത്തിൻെറ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി പരിഗണിച്ച് ഫല പ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷകൾ ഒ.എം.ആർ. മാതൃകയിൽ നടത്തുന്നതിനാൽ റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒ.എം.ആർ. ഷീറ്റിൽ തെറ്റായോ അശ്രദ്ധയോടുകൂടിയോ രേഖപ്പെടുത്തിയാൽ പ്രസ്തുത ഒ.എം.ആർ. ഷീറ്റുകൾ മൂല്യനിർണ്ണയം നടത്താൻ സാധിക്കില്ല എന്ന് ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.ആർ. ഷീറ്റുകൾ**

മൂല്യനിർണ്ണയം നടത്തുന്നത് മെഷീൻ ഉപയോഗിച്ചാണ്. ആയതിനാൽ ടി മൂല്യനിർണ്ണയത്തിൽ തെറ്റ് സംഭവിക്കാനുള്ള സാദ്ധ്യത കുറവായതിനാൽ പുന: പരിശോധനയോ റീ കൗണ്ടിംഗോ അനുവദിക്കുന്നതല്ലായെന്നും ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയത്തിന്റെ ഉത്തരക്കടലാസ്സുകളിൽ റോൾ നമ്പർ തെറ്റിച്ചെഴുതിയാൽ ടി ഉത്തരക്കടലാസ്സുകളും പിന്നീട് മൂല്യനിർണ്ണയം നടത്തുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും

കുറിപ്പ്:- ഡയറക്ടറേറ്റിൽ ശുപാർശ ചെയ്ത് അയയ്ക്കുന്ന അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾ മാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൻെറ രണ്ട് പകർപ്പ്
2. പ്രവർത്തി പരിചയം കാണിച്ചു കൊണ്ടുള്ള തൊഴിൽ ഉടമയുടെ സർട്ടിഫിക്കേറ്റിലും, സ്വയം എഴുതി തയ്യാറാക്കിയ അപേക്ഷകൻെറ ഒപ്പോടു കൂടിയ തൊഴിൽ സംബന്ധമായ വിവരണത്തിലും (അപേക്ഷയുടെ കോളം) തൊഴിലുടമ മേലൊപ്പ് ചാർത്തി ഔദ്യോഗിക മേൽ വിലാസവും, ഓഫീസ് മുദ്രയും പതിപ്പിച്ചിരിക്കണം. സ്ഥാപനത്തിൻെറ രജിസ്ട്രേഷൻ സംബന്ധിച്ച സാക്ഷ്യപത്രവും ഉള്ളടക്കം ചെയ്യിരിക്കണം.
3. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റിൻെറ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. രണ്ടാം സെമസ്റ്റർ പരീക്ഷയുടെ എം.ഐ.എസ്. പോർട്ടൽ മുഖേന ലഭിച്ച മാർക്ക് ഷീറ്റിൻെറ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. അപേക്ഷകൻെറ 2 ഫോട്ടോ
6. അപേക്ഷകരുടെ ഫീസ് ഒടുക്കിയ വിവരങ്ങൾ ഉൾപ്പെടെയുള്ള ലിസ്റ്റ്.

# APPLICATION FOR THE ALL INDIA TRADE TEST FOR PRIVATE CANDIDATES (INDUSTRIAL WORKERS) JANUARY 2016 ($3^{rd}$ SEMESTER) (REGULAR)

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Whether employed *(given full address of Employer)* | : | |
| 8. | Religion & Caste. | | |
| 9. | Whether the Applicant passed for SCVT (*attested copy of SCVT certificate to be attached)* If Yes, the Trade and its Duration | : | |
| 10. | Whether the Applicant from Establishment covered under Apprentice Act, 1961 | : | |
| 11 | Whether the Applicant appeared for Apprentice Test under Apprenticeship Act 1961 who failed six times in the AIATT *(Furnish Details)* | | |
| 12 | Roll No. in $2^{nd}$ Semester Exam *(attested copy of Hall Ticket to be attached)* | | |
| 13. | Nature of Employment | : | Permanent/ Temporary |
| 14. | Name of Trade applied | : | |
| 15 | Fees Details | | Chelan No…………..<br>Chelan Date…………<br>Name of Treasury…………… |

Place:
Date:

Signature of the applicant.

## Proforma -I

*(To be submitted by the candidates as mentioned in para A of the Notification duly filled and signed by the Employer concerned)*

Certified that Shri/Smt.......................................................... working this establishment as ....................................................... and drawing a total amount of Rs................ (Rupees........................................ only) per mensem towards salary.

| Sl No | Designation | Service details period | | Pay Drawn particulers |
|---|---|---|---|---|
| | | From | To | |
| 1. | | | | |
| 2. | | | | |
| 3. | | | | |

Place: Signature

Date: (Office Seal) (Name & Designation of Employer)

*Note to Employers:-*

1. The application need to be recommended and forwarded only if the applicant is a regular employee working in full term basis and has a continuous service of 3 years in relevant trade for which the employee has to appear for trade test or work in your establishment and performed duties connected with the Trade Test applied for.
2. The bonafides of statements made will be verified with the concerned authorities before granting permission to appear for the trade test.

*Recommendation of concerned ITI's Principals.*

I do here by state that the candidate is working in the establishment were Apprenticeship Training Programme is implemented. The documents and the work done report of relevant trades submitted has been verified by me. Hence ***Recommended*** the application for considering to permit for the ensuing trade test conducted in as private candidate.

Place: Signature

Date: (Office Seal) (Name & Designation of Principal)

N.B. Recommendation may be made only if the employee worked in the relevant trade for the minimum 3 years **Without the recommendation of the Principals of ITIs concerned, that application will be rejected without notice.**

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി2/17997/15 ചാക്ക, തിരുവനന്തപുരം
തീയതി: 9.11.2015

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്- സെമസ്റ്റർ സമ്പ്രദായം- ഫെബ്രുവരി 2016 - പ്രൈവറ്റായി 4-ാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

***************

2016 ഫെബ്രുവരിയിൽ നടത്തുന്ന 4-ാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിൽ പരിശീലനം നേടാതെ പ്രൈവറ്റായി ട്രേഡ് ടെസ്റ്റ് എഴുതുന്നവരും സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നടത്തുന്ന എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് വിജയിച്ച് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും നിർദ്ദിഷ്ഠ യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ **27-11-2015** വൈകുന്നേരം 3 മണിക്ക് മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## I. അപേക്ഷകന് വേണ്ട യോഗ്യതകൾ.

1. ജൂലൈ 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്തവരായിരിക്കണം.
2. മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്കു വേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ സമർപ്പിച്ചിട്ടുള്ള ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നവരായിരിക്കണം.
3. എസ്.സി.വി.റ്റി പരീക്ഷ പൂർണ്ണമായി വിജയിച്ച് എസ്.റ്റി.സി ലഭിച്ചവരും 2015 ജൂലൈ മാസത്തിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ 3-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് മാർക്ക്ഷീറ്റ്/ഹാൾടിക്കറ്റ് ലഭിച്ചവരും ആയിരിക്കണം.

## II. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. 3-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാജരാക്കിയ ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നു എന്ന് തെളിയിക്കുന്ന തൊഴിൽ ഉടമയുടെ കൈയ്യൊപ്പും ഓഫീസ് മുദ്രയോടും കൂടിയ സാക്ഷ്യപത്രം. (സാക്ഷ്യപത്രത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.)
2. 3-ാം സെമസ്റ്റർ പരീക്ഷയുടെ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ ടി വിജ്ഞാപനം പുറപ്പെടുവിച്ച തീയതി വരെ അപേക്ഷകൻ ബന്ധപ്പെട്ട ട്രേഡിൽ നേടിയ പ്രവർത്തിപരിചയം സ്വന്തം കൈപ്പടയിൽ ഒരു പ്രബന്ധമാക്കി തയ്യാറാക്കി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ടി പ്രബന്ധത്തിൽ അപേക്ഷകൻ സ്വന്തം പേര് രേഖപ്പെടുത്തി കയ്യൊപ്പു ചാർത്തേണ്ടതും തൊഴിൽ ഉടമ പേര്, ഔദ്യോഗിക മേൽവിലാസം എന്നിവ രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച് മേലൊപ്പു ചാർത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
3. 3-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത മാർക്ക്ഷീറ്റിന്റെ പകർപ്പ്

4. എസ്.സി.വി.റ്റി പരീക്ഷ പൂർണ്ണമായി വിജയിച്ച് എസ്.റ്റി.സി ലഭിച്ചവരും 2015 ജൂലൈ മാസത്തിൽ നടത്തിയ അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത മാർക്ക്ഷീറ്റ്/ഹാൾടിക്കറ്റ്.

## III. പൊതുവായ നിർദ്ദേശങ്ങൾ

1. 2015 ജൂലൈയിൽ നടത്തിയ 3-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് മാർക്ക്ഷീറ്റ്/ ഹാൾടിക്കറ്റ്.ലഭിച്ച അപേക്ഷകർക്ക് മാത്രമേ 4-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.
2. 3-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ച ട്രേഡിനാണ് 4-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.
3. 3-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ പ്രവർത്തി പരിചയം നേടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനത്തിൽ നിന്ന് വേണം പ്രവർത്തി പരിചയം നേടിയിരിക്കേണ്ടത്. ആകെ പ്രവർത്തന കാലയളവ് തുടർച്ചയായിട്ടുള്ളതായിരിക്കണം. ഇതിൽ എന്തെങ്കിലും വ്യത്യാസം ബോധ്യപ്പെടുകയാണെങ്കിൽ ടി അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.
